പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3002 — 07.12. 2018 - ൽ മറുപടിയ്ക്ക്.

## ഐ.ടി.ഐ.കൾ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>,, സജി ചെറിയാൻ<br>,, സി.കെ. ഹരീന്ദ്രൻ<br>,, വി.ടി.എ. റഹീം : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ ഐ.ടി.ഐ.കൾ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐകളെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) -ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐകളാക്കി മാറ്റുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.ടി.ഐകളിൽ അന്താരാഷ്ട്ര നിലവാരം കണക്കാക്കുന്നതിന് എന്തെല്ലാം സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്നതു് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നെ ചുമതലപ്പെടുത്തുകയും കയ്യൂർ, കണ്ണൂർ, കൊയിലാണ്ടി, മലമ്പുഴ, ചെങ്ങന്നൂർ എന്നീ ഐ.ടി.ഐകളുടെ ഡി.പി.ആർ KIIFB പോർട്ടലിലേയ്ക്ക് അപ്-ലോഡ് ചെയ്യുകയും ചെയ്തു. മറ്റ് അഞ്ച് ഐ.ടി.ഐ കളുടെ ഡി.പി.ആർ കിഫ്ബി പോർട്ടലിലേയ്ക്ക് അപ്-ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ KASE സ്വീകരിച്ചുവരുന്നു. പ്രസ്തുത ഡി.പി.ആർ കിഫ്ബി |

| | | |
|---|---|---|
| | | അംഗീകരിക്കുന്ന മുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്.<br>ഇതിന് പുറമേ തിരുവനന്തപുരം ജില്ലയിലെ ഗവ: ഐ.ടി.ഐ ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ:ഐ.ടി.ഐ കോഴിക്കോട് എന്നീ ഐ.ടി.ഐകളെ അന്താരാഷ്ട്ര നിവലാരത്തിലേക്ക് ഉയർത്തുന്നതിനുള്ള ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. |
| (ബി) ഐ.ടി.ഐ.കളിൽ അന്തർദേശീയ നിലവാരത്തിലുള്ള സ്മാർട്ട് ക്ലാസ്സ് റൂമുകളും പുതിയ സാങ്കേതിക വിദ്യയ്ക്ക് അനുസരിച്ചുള്ള പഠനരീതികളും നടപ്പാക്കിയിട്ടുണ്ടോ; | | (ബി) വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള 34 സർക്കാർ ഐ.ടി.ഐകളിൽ വെർച്ച്വൽ ക്ലാസ്സ് റൂം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷിനിസ്റ്റ് എന്നീ ട്രേഡുകളിലെ തിയറി വിഷയങ്ങൾ, വിവിധ ട്രേഡുകളിലെ എഞ്ചിനീയറിംഗ് ഡ്രോയിംഗ് വിഷയം തുടങ്ങിയവ 3 ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡിലൂടെ പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (സി) സർക്കാർ ഐ.ടി.ഐ.കളിൽ പഠന മികവ് പുലർത്തുന്നവർക്ക് വിദേശരാജ്യങ്ങളിൽ ഉന്നത പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | (സി) ഉണ്ട്; നിശ്ചിത മാനദണ്ഡങ്ങൾ അനുസരിച്ച് തിരഞ്ഞെടുത്ത 57 ട്രെയിനികളെ ടെക്നിക്കൽ എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമായി സിംഗപ്പൂരിൽ വച്ച് 2018 നവംബർ 19 മുതൽ 23 വരെ നടന്ന ട്രെയിനിംഗിൽ പങ്കെടുക്കുന്നതിന് നിയോഗിച്ചിരുന്നു. |
| (ഡി) വ്യാവസായിക പരിശീലനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഐ.ടി.ഐ. ട്രെയിനികൾക്ക് അപകട ഇൻഷ്വറൻസ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | (ഡി) ഉണ്ട്; ഐ.ടി.ഐ ട്രെയിനികൾക്ക് ഒരു ലക്ഷം രൂപ കവറേജ് ലഭിക്കത്തക്ക രീതിയിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനായുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ